പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 182 26-03-2013 -ൽ മറുപടിക്ക്.

<u>ദുർബല വിഭാഗങ്ങൾക്കുള്ള ഭവനനിർമ്മാണ പദ്ധതികൾ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. പി.എ. മാധവൻ.<br>,, വർക്കല കഹാർ<br>,, പാലോട് രവി<br>,, വി.റ്റി. ബൽറാം | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ദുർബല വിഭാഗങ്ങൾക്കായി എന്തെല്ലാം ഭവനപദ്ധതികളാണ് കേരള സംസ്ഥാന ഹൗസിംഗ് ബോർഡ് വിഭാവനം ചെയ്തിട്ടുള്ളത്; വിശദമാക്കുമോ;<br><br>(ബി) ഇത്തരം ഭവനപദ്ധതികളുടെ നടത്തിപ്പിനുള്ള തുക എങ്ങനെയാണ് സമാഹരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (എ) & (ബി) ദുർബല വിഭാഗങ്ങൾക്കായി ഭവനനിർമ്മാണ ബോർഡ് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.<br>(i) സാഫല്യം ഭവന പദ്ധതി<br>(ii) ഇന്നൊവേറ്റീവ് ഭവന പദ്ധതി<br>(iii) കോഴിക്കോട് ബംഗ്ലാദേശ് കോളനിയിലെ കുടുംബങ്ങളുടെ പുനരധിവാസ പദ്ധതി<br>(iv) എം.എൻ.ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതി<br>(v) സുരക്ഷാ ഭവന പദ്ധതി<br>(vi) കൂടാതെ 'ഗൃഹശ്രീ' ഭവന പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ട്.<br>മേൽപ്പറഞ്ഞ പദ്ധതികൾക്ക് തുക സമാഹരിക്കുന്നവിധം താഴെപ്പറയും പ്രകാരമാണ്.<br>(I) <u>സാഫല്യം ഭവന പദ്ധതി</u><br>സാഫല്യം ഭവന പദ്ധതിയിലെ ഫ്ളാറ്റിൻെറ നിർമ്മാണ ചെലവായ 3.50 ലക്ഷം രൂപയിൽ 2 ലക്ഷം രൂപ സർക്കാർ സബ്സിഡിയും 1 ലക്ഷം രൂപ ഹഡ്കോയിൽ നിന്നും സമാഹരിക്കുന്ന |

വായ്പയും 25,000/- രൂപ സന്നദ്ധ സംഘടന വിഹിതവും, 25,000/- രൂപ ഗുണഭോക്തൃ വിഹിതവുമാണ്. പദ്ധതിയിലെ ഭൂ-വികസന ചെലവുകളും അടിസ്ഥാന സൗകര്യച്ചെലവുകളും വഹിക്കേണ്ടത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളാണ്.

(ii) ഇന്നൊവേറ്റീവ് ഭവന പദ്ധതി

നഗര പ്രദേശങ്ങളിൽ ജോലി ചെയ്തുകൊണ്ട് നഗരത്തിന് പുറത്ത് താമസിക്കുന്ന പാവപ്പെട്ട തൊഴിലാളികൾക്ക് (ബി.പി.എൽ) നഗരത്തിൽ മിതമായ വാടക നിരക്കിൽ താമസ സൗകര്യം ഒരുക്കുന്ന ഈ പദ്ധതി നടത്തിപ്പിനുള്ള തുക ബോർഡിന് സർക്കാർ ബഡ്ജറ്റിലൂടെയാണ് ലഭ്യമാക്കുന്നത്.

(iii) കോഴിക്കോട് ശാന്തിനഗർ (ബംഗ്ലാദേശ് കോളനി) പുനരധിവാസ പദ്ധതി

ഭവന നിർമ്മാണ ബോർഡ് മുഖേന നടപ്പാക്കുന്ന ഈ പദ്ധതിയുടെ നടത്തിപ്പ് ചിലവ് തുക സർക്കാർ ബഡ്ജറ്റിലൂടെയാണ് ലഭ്യമാക്കുന്നത്.

(iv) സുരക്ഷാ ഭവന പദ്ധതി

സന്നദ്ധ സംഘടനകളുടെ സഹായത്തോടുകൂടി ഭവന രഹിതരായ ബി.പി.എൽ വിഭാഗക്കാർക്ക് വീടു പണി പൂർത്തിയാക്കുന്നതിന് സർക്കാർ അനുവദിക്കുന്ന 25,000 രൂപയുടെ ധന സഹായം ഭവന നിർമ്മാണ ബോർഡിന് സംസ്ഥാന ബഡ്ജറ്റിലൂടെ ലഭ്യമാക്കുന്നതാണ്.

(v) എം.എൻ. ലക്ഷംവീട് പുനർനിർമ്മാണ പദ്ധതി

ഈ പദ്ധതിയിലൂടെ നോഡൽ ഏജൻസിയായ ഭവന നിർമ്മാണ ബോർഡിന് സർക്കാർ ബഡ്ജറ്റിലൂടെ ധനസഹായം ലഭ്യമാക്കുന്നത്.

(vi) ഗൃഹശ്രീ ഭവന പദ്ധതി

ഗൃഹശ്രീ ഭവന പദ്ധതിയുടെ സർക്കാർ അംഗീകാരത്തിന് സമർപ്പിച്ചിട്ടുള്ള സാമ്പത്തിക

ഘടന അനുസരിച്ച് ടി പദ്ധതി സർക്കാർ സബ്‌സിഡി/സന്നദ്ധ സംഘടന/എൻജി.ഒ, കാരുണ്യവാൻമാരായ വ്യക്തികളുടെ വിഹിതം, ഗുണഭോക്തൃ വിഹിതം എന്നിവ ഉപയോഗിച്ചാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഇതിന് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഈ പദ്ധതികളുടെ ഗുണഭോക്തൃ വിഹിതം ഇളവുചെയ്യുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

(സി) യും (ഡി) യും നിലവിൽ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ